3120
9/2/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- നെന്മാറ ഡിവിഷൻ കൊല്ലങ്കോട് റെയിഞ്ചിലെ ചമ്മണാംപതി ഐ.ആർ.എം. പ്ലാന്റേഷനുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി- ശ്രീ.എൻ.രാജേഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഫയൽ ചെയ്ത ഒ.എ.1323/2013 ലെ 10.08.2016 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.64/2018/വനം തീയതി, തിരുവനന്തപുരം, 05.02.2018.

പരാമർശം:- 1) 30.11.2015 ലെ വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വി.ഇ.4-4275/05 നമ്പർ അന്വേഷണ റിപ്പോർട്ട്.

2) 14.03.2006 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി7-25951/05 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3) 28.07.2007 ലെ സ.ഉ.(സാധാ) നം.423/07/വനം നമ്പർ ഉത്തരവ്

4) 07.02.2009 ലെ എഫ്ഡി/എൻക്വയറി (11)-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.

5) 02.05.2009 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി7-25951/05 നമ്പർ ഉത്തരവ്.

6) 04.01.2016 ൽ ശ്രീ.എൻ.രാജേഷ് സമർപ്പിച്ച ഹർജി.

7) 10.08.2016 ലെ ഒ.എ.1323/13 നമ്പർ കേസിലെ വിധിന്യായം.

8) 06.04.2017, 07.12.2017 എന്നീ തീയതികളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(3)6609/16/GW നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

നെന്മാറ ഡിവിഷനിലെ കൊല്ലങ്കോട് റെയിഞ്ചിൽ 2005-06 കാലഘട്ടത്തിൽ IRM/RDF തോട്ടങ്ങളിൽ നടന്ന കാട്ടുവെട്ട്, തൈനടീൽ മുതലായ ജോലികളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ചുണ്ടായ പരാതിയിന്മേൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ക്രമക്കേടുകൾ നടന്നിട്ടുള്ളതായും സർക്കാരിന് 2,94,902/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ ക്രമക്കേടുകളിൽ

ഉത്തരവാദികളെന്ന് വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്ത ശ്രീ.എൻ.രാജേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ അഞ്ചുപേർക്ക് പരാമർശം (2) പ്രകാരം ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) ശ്രീ.എൻ.രാജേഷിനെതിരായ ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

(i) That acasia seedlings were planted in 22.16Ha in Chemmananpathy IRM Plantations 2005 and 8.52 Ha in Kalliyampara IRM Plantations 2005 ignoring standing instructions against the planting of the species in natural forest areas on environmental considerations causing wastage in terms of money material and man power

(ii) The site selected for raising the above IRM Plantations were unsuitable for the purpose having a predominant natural stock at various stages from seedlings to trees assessed as 737 Nos/Ha at Chemmananpathy and 475 Nos/Ha at Kalliyampara as per sample data collected from the sites.

(iii) That he prepared and presented convenor bill for Rs.1,24,167/- with false certificate and without approval of SSP from the Conservator of Forests. Presented two false survey sketches showing extent as 72 Ha and 50 Ha along with estimate No.DE/104/04-05 to misguide on the area of regeneration.

(iv) Infructuous expenditure has occurred causing Government loss to the tune of Rs.2,94,902/- due to the lack of supervision, negligence and dereliction of duty.

3) കുറ്റപത്രത്തിന് സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാൽ, ടി വിഷയത്തിൽ പരാമർശം (3) പ്രകാരം ഔപചാരികാന്വേഷണം നടത്തുകയും ഔപചാരികാന്വേഷണത്തിൽ ശ്രീ.എൻ.രാജേഷിനെതിരെയുള്ള മൂന്നാമത്തെ ചാർജ്ജ് അതായത്, 1,24,167/-രൂപയുടെ വ്യാജ കൺവീനർ ബിൽ സമർപ്പിച്ചുവെന്നും പരാമർശിത സ്ഥലത്തിന്റെ വിസ്തൃതി 22.16 ഹെക്ടർ ആയിരിക്കെ 72 ഹെക്ടർ കാണിക്കുന്ന വ്യാജ സർവ്വേ സ്കെച്ച് സമർപ്പിച്ചുവെന്നുമുള്ള ചാർജ്ജ് പൂർണ്ണമായും തെളിയുകയുണ്ടായി. ചാർജ്ജ് 1, 2, 4 എന്നീ ചാർജ്ജുകൾ തെളിയുകയുണ്ടായില്ല. പരാമർശം (4) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് തുടർ നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി പരാമർശം (5) പ്രകാരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തീർപ്പാക്കുകയുണ്ടായി.

4) അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ശ്രീ.രാജേഷ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് സമർപ്പിച്ച അപ്പീലും, സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജിയും നിരസിച്ചുത്തരവായി.

5) തുടർന്ന് ശ്രീ.എൻ.രാജേഷ് പരാമർശം (6) പ്രകാരം, തനിക്കു നൽകിയ ശിക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട്, ഒരു ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജി പരിഗണിച്ച് ടിയാനെ നേരിൽ കേൾക്കുകയും വിശദമായ പരിശോധനകൾക്കൊടുവിൽ ശിക്ഷ ലഘൂകരിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു.

6) അതേ സമയം ഈ വിഷയത്തിൽ ശ്രീ.എൻ.രാജേഷ് ഫയൽ ചെയ്ത ഒ.എ.1323/13 ലെ പരാമർശം (7) പ്രകാരമുള്ള വിധിന്യായം അനുസരിച്ച് ടിയാനെ തിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവുകളെല്ലാം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദ് ചെയ്തു കൊണ്ടും അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകി നേരിൽ കേട്ടതിനുശേഷം ടിയാന് നൽകിയ ശിക്ഷ പുന:പരിശോധിക്കുന്നതിനും ഉത്തരവായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കേസ് പുന:പരിശോധിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉപദേശിച്ചു. തുടർന്ന് ശ്രീ.എൻ.രാജേഷിന് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകി 22.05.2017 ന് നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്ത് ടിയാൻ ഉന്നയിച്ച വാദമുഖങ്ങൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)ന്റെ അഭിപ്രായത്തിന്റെയും അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

7) ഈ കേസിലെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ ശ്രീ.എൻ.രാജേഷിന്റെ ഭാഗത്ത് എന്തെങ്കിലും ദുരുദ്ദേശ്യമുണ്ടായിരുന്നതായി കാണുന്നില്ല. അധികം ഫീൽഡ് പരിചയമില്ലാതിരുന്ന ഒരു റെയിഞ്ച് ഓഫീസറുടെ ജാഗ്രതക്കുറവും അശ്രദ്ധയും കൊണ്ടുണ്ടായ ഒരു വീഴ്ചയാണ് ഇതെന്ന് മനസ്സിലാക്കാം. അതിലുപരി സർക്കാർ നഷ്ടം സംഭവിച്ചില്ല എന്ന കാര്യവും, 2009 ൽ പ്രൊമോഷൻ ലഭിച്ചപ്പോൾ സീനിയോറിറ്റിയിൽ 7 റാങ്ക് താഴ്ന്നു എന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ടും ടിയാന് ൽകിയ ശിക്ഷയായ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക' എന്ന ശിക്ഷ ലഘൂകരിച്ച് "താക്കീത്" നൽകുന്ന കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞു. പരാമർശം (8) ലെ 07.12.2017 ലെ കത്ത് പ്രകാരം സർക്കാരിന്റെ തീരുമാനത്തോട് യോജിക്കുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉപദേശം ലഭ്യമാക്കി.

8) മേൽ സാഹചര്യത്തിൽ ശ്രീ.എൻ.രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി പുനഃപരിശോധിച്ച് ടിയാന് നൽകിയ ശിക്ഷയായ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക' എന്ന ശിക്ഷ ലഘൂകരിച്ച് "താക്കീത്" നൽകി തീർപ്പാക്കുന്നു. അപ്രകാരം 10.08.2016 ലെ ഒ.എ.1323/13 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.എൻ.രാജേഷ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ